**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1302** **04-07-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട തുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ തുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതിക്കായി ഇക്കോ ടൂറിസം ഡയറക്ടർ 82 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതി നിർദേശം തയാറാക്കിയിരുന്നു. പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിന്നു വിനോദ സഞ്ചാര വകുപ്പിനു ലഭ്യമാക്കാനുള്ള നടപടികളും പൂർത്തിയായി. ഭൂമി കൈമാറ്റത്തിനുള്ള ഫോറം ജില്ലാ കലക്ടർക്കു കൈമാറിയിട്ടുണ്ട്.<br><br>കാട്ടാക്കട നിയോജക മണ്ഡലത്തിലെ തുങ്ങാംപാറ കേന്ദ്രമാക്കി ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കാനായി 2019 – 20 വർഷത്തെ സംസ്ഥാന ബജറ്റിൽ (അനുബന്ധം II, വാല്യം II, ക്രമ നമ്പർ 531, പേജ് നമ്പർ 25) ഒരു കോടി രൂപ അനുവദിക്കുകയും ഇതിൽ 20% തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>തുങ്ങാംപാറ കേന്ദ്രമായി ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കാൻ കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിങ് ലിമിറ്റഡ് ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദ പദ്ധതി രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രേഖ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി റവന്യൂ ഭൂമി ഉപയോഗിക്കാൻ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | **തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ എട്ടിൽ റീസർവേ നമ്പർ 524/1ൽപെട്ട 44.03 ആർ പാറപുറമ്പോക്ക് ഭൂമി, തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിക്കായി ഉപയോഗിക്കാൻ റവന്യൂ വകുപ്പ് അനുമതി നൽകിയിരുന്നു. മറ്റൊരു ഏജൻസിക്കും പാട്ടത്തിനോ മറ്റേതെങ്കിലും വ്യവസ്ഥകൾക്കോ വിധേയമായി ഭൂമി കൈമാറാൻ പാടില്ലെന്നും ഏതെങ്കിലും സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പ് മറ്റൊരു ഏജൻസിക്കു നൽകുകയാണെങ്കിൽ ആയതു സംബന്ധിച്ച് ഭൂമി** |

| | | | |
|---|---|---|---|
| | | | **കൈമാറ്റം റവന്യൂ വകുപ്പ് മുഖാന്തിരം മാത്രം നടത്തേണ്ടതാണ് എന്നു കൂടി നിഷ്കർഷിച്ചാണ് തുങ്ങാംപാറ ഇക്കോട്ടൂറിസം പദ്ധതിക്കുള്ള ഭൂമിയുടെ ഉപയോഗാനുമതി നൽകിയിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ